# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1165 — 02.05.2017 ൽ മറുപടിയ്ക്ക്

## ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി. സി.കെ. ആശ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഹരിതകേരളം മിഷന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്; ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്; | എ) ഹരിത കേരളം പദ്ധതിയിലെ ഘടകമായ കൃഷി വികസനം 'സുജലം സുഫലം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. ഇതിലുൾപ്പെടുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. മാലിന്യ സംസ്കരണം.<br>2. നെൽകൃഷി വികസനം.<br>3. പച്ചക്കറി വികസനം.<br>4. തെങ്ങുകൃഷി വികസനം.<br>5. മൂല്യവർദ്ധനവ്.<br>ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ താഴെ പറയുന്നവയാണ്.<br><br><u>എ. മാലിന്യ സംസ്കരണം.</u><br>• മണ്ണിര കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ച് വീട്ടുവളപ്പിലെയും പൊതുസ്ഥലങ്ങളിലെയും ജൈവ മാലിന്യങ്ങളും വിള അവശിഷ്ടങ്ങളും സംസ്കരിച്ച് വളമാക്കിയും ഇന്ധനമാക്കിയും മറ്റ് മൂല്യവർദ്ധിത ഉൽപന്നമാക്കിയും മാറ്റി കൃഷിക്കായി ഉപയോഗിക്കുന്നു. |

- നഗരങ്ങളിലെ ഗാർഹിക അവശിഷ്ടങ്ങൾ സംസ്കരിച്ച് ഉണ്ടാക്കുന്ന ജൈവ വളങ്ങളും അടുക്കളയിൽ നിന്നുള്ള മലിനജലവും ഉപയോഗിച്ച് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് മിനി പോളിഹൗസുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നു.

<u>ബി. നെൽകൃഷി വികസനം</u>

- നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി ഉയർത്തുക, ഇതിനായി നിലവിലുള്ള നെൽപാടങ്ങളിൽ കൃഷിയിറക്കുന്നതിനോടൊപ്പം തരിശുനിലങ്ങൾ, കരനിലങ്ങൾ എന്നിവയിൽ പരമാവധി കൃഷിയിറക്കുക.
- പ്രത്യേക നെല്ലിനങ്ങളുടെയും പരമ്പരാഗത നെല്ലിനങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക
- കുട്ടനാട്, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ പ്രദേശങ്ങളിൽ നെല്ലിനായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ച് പരമാവധി ഉൽപാദനവും മെച്ചപ്പെട്ട വിപണന സൗകര്യവും ഉറപ്പ് വരുത്തുക
- നെൽവർഷത്തിന്റെ ഭാഗമായി കുട്ടികളെ നെൽകൃഷിയുമായി പരിചയപ്പെടുത്തി വരുംതലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക

സി. പച്ചക്കറി കൃഷി വികസനം.

- വീട്ടുവളപ്പിലെ കൃഷി, സ്കൂൾ പച്ചക്കറി കൃഷി, വിവിധ സ്ഥാപനങ്ങളിലെ കൃഷി, തരിശുനില കൃഷി എന്നിവ നടപ്പിലാക്കി പച്ചക്കറി കൃഷിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക
- പച്ചക്കറിക്കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളെ കണ്ടെത്തി അവിടെ പ്രത്യേക കാർഷിക മേഖലകളായി തരംതിരിച്ച് വായ്പാ സൗകര്യം, മേൽത്തരം വിത്ത്, മറ്റ് ഉൽപാദനോപാധികൾ, യന്ത്രവത്ക്കരണം എന്നിവ ലഭ്യമാക്കി നല്ല കാർഷിക മുറകൾ അവലംബിച്ച് കർഷക കൂട്ടായ്മയിലൂടെ സുരക്ഷിത പച്ചക്കറികളുടെ പരമാവധി ഉൽപാദനം കൈവരിക്കുക
- ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും ശക്തമാക്കി പുതുമ നഷ്ടപ്പെടാതെ അവ കൃഷിയിടങ്ങളിൽ നിന്നും വിപണിയിലേയ്ക്ക് എത്തിച്ച് കർഷകന് മികച്ച വരുമാനം ഉറപ്പ വരുത്തുക

ഡി. തെങ്ങ് കൃഷി വികസനം

- ഉത്പാദനക്ഷമതയുള്ള തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുക.
- ഒരു പ്രദേശത്തെ പ്രായാധിക്യം വന്നതും രോഗബാധിതവും ഉൽപാദന ക്ഷമതയില്ലാത്തതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അവിടെ ശാസ്ത്രീയമായ രീതിയിൽ

ഉൽപാദനക്ഷമതയുള്ള കുറിയ/ സങ്കരയിനം തെങ്ങിൻതൈകൾ നട്ടുപിടിപ്പിച്ച് ഉൽപാദന വർദ്ധനവ് കൈവരിക്കുന്നതിനോടൊപ്പം വിളവെടുപ്പ് അനായാസകരമാക്കുക

- മൂല്യവർദ്ധിത ഉൽപന്നങ്ങളായ നീര, ശുദ്ധമായ തെങ്ങിൻ കള്ള് എന്നിവയ്ക്ക് മികച്ച വിപണി ഉറപ്പ് വരുത്തി കൃഷിക്കാരന്റെ വരുമാനം മെച്ചപ്പെടുത്തുക
- തെങ്ങിന് രൂക്ഷമായ നാശനഷ്ടം വരുത്തുന്ന കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ കീടങ്ങളെയും ഓലചീയൽ, മണ്ടചീയൽ തുടങ്ങിയ രോഗങ്ങളെയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ക്യാമ്പെയിൻ സംഘടിപ്പിക്കുക

<u>ഇ. മൂല്യ വർദ്ധനവ്</u>

കാർഷിക ഉല്പന്നങ്ങളുടെ മൂല്യ വർദ്ധനവിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം, ഉല്പന്നങ്ങൾക്ക് കൂടുതൽ ഡിമാന്റ്, സീറോ വേസ്റ്റേജ്, കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ, കൂടുതൽ ആൾക്കാരെ പ്രത്യേകിച്ച് ചെറുപ്പക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കൽ, കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത വസ്തുക്കൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉണ്ടാക്കുന്നതിനുള്ള നൂതന സംരഭങ്ങൾ ആരംഭിക്കുക എന്നിവ ലക്ഷ്യമിടുന്നു.

| | |
|---|---|
| ബി) കേരളത്തിന് നഷ്ടപ്പെട്ട കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിന് ഹരിതകേരളം പദ്ധതി ഏതെല്ലാം തരത്തിൽ സഹായകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | ബി) കാർഷികാധിഷ്ഠിതമായ ഒരു സംസ്കാരമാണ് കേരളത്തിൽ നിലനിന്നിരുന്നത്. വ്യാവസായിക വളർച്ച, കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം, വർദ്ധിച്ച |

കൂലിച്ചെലവ്, ഉത്പാദനോപാധികളുടെ വില വർദ്ധനവ് എന്നിവ മൂലമുണ്ടാകുന്ന കൃഷിച്ചെലവിലെ ആകെ വർദ്ധനവ്, ആനുപാതികമായി ഉയരാത്ത ഉത്പന്നവില, ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിലുണ്ടായ അലംഭാവം എന്നിവ കാർഷിക മേഖലയെ അനാകർഷകമാക്കി. ഹരിത കേരളം പദ്ധതിയിൽ അടിസ്ഥാന വിളകളുടെ വികസനം, കൃഷി/ തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിച്ച് ജൈവ രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കാർഷികോത്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും പ്രത്യേകം ഊന്നൽ നൽകുന്നു. ഇപ്രകാരം കൃഷി ഒരേ സമയം ലാഭകരവും അന്തസുള്ളതുമായ ഒരു തൊഴിൽ മേഖലയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കടന്നു വരാൻ പ്രേരിപ്പിക്കാനും ഹരിത കേരളം പദ്ധതി സഹായകരമാകും.

**സെക്ഷൻ ഓഫീസർ**